(സി) ബാധകമല്ല.

(ഡി) ഇപ്പോൾ ചെക്കിടിക്കാട് വരെ നടത്തുന്ന ഈ സർവ്വീസ് യാത്രക്കാർ കുറവായതിനാൽ മാതിരംപള്ളിവരെ നീട്ടേണ്ട ആവശ്യം വരുന്നില്ല.

ട്രെയിനുകൾ ഷൊർണ്ണൂർ ജംഗ്ഷനിൽ കൂടി വന്നുപോകുന്നതിനുള്ള നടപടി

81 (1280) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഷൊർണ്ണൂർ ജംഗ്ഷനിൽ വന്നുപോകുന്ന ആലപ്പുഴ-ബൊക്കാറോ, ഹൈദരാബാദ്-കൊച്ചിൻ എന്നീ ട്രെയിനുകൾ ജംഗ്ഷനിൽ വരാതെ ഭാരതപ്പുഴ റെയിൽവേ സ്റ്റേഷൻ വഴി തിരിച്ചു വിടുവാനുള്ള നീക്കം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഈ തീരുമാനം റദ്ദ് ചെയ്യുന്നതിന് കേന്ദ്ര ഗവൺമെന്റിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തുമോ ?

ഉത്തരം

(എ) ആലപ്പുഴ-ബൊക്കാറോ, ഹൈദരാബാദ്-കൊച്ചിൻ എന്നീ ട്രെയിനുകൾ ഷൊർണ്ണൂർ ജംഗ്ഷനിൽ വരാതെ തിരിച്ചു വിടുവാനുള്ള നീക്കമൊന്നും നിലവിലില്ലെന്ന് സതേൺ റെയിൽവേ അറിയിച്ചിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

നെടുമ്പാശ്ശേരിയിൽ റെയിൽവേ സ്റ്റേഷൻ

82 (1281) ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നെടുമ്പാശ്ശേരിയിൽ ഒരു റെയിൽവേ സ്റ്റേഷൻ തുടങ്ങുന്നതു സംബന്ധിച്ച തുടർ നടപടികൾ എത്രത്തോളമായിയെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത റെയിൽവേ സ്റ്റേഷൻ തുടങ്ങുന്നതിനുള്ള എല്ലാവിധ സഹായ സഹകരണവും സംസ്ഥാന സർക്കാർ നൽകുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ബി) ഈ പദ്ധതിക്ക് റെയിൽവേ ബോർഡിന്റെ അനുമതി ആയിട്ടില്ല. അനുമതി ലഭിച്ചശേഷം പരിഗണിക്കുന്നതാണ്.

സഹകരണസംഘങ്ങളുടെ പ്രവർത്തനം

83 (1282) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഏതെല്ലാം മേഖലകളിൽ ; ഇവയുടെ ഇനം തിരിച്ച് ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സമാന സ്വഭാവമുള്ള സംഘസ്ഥാപനങ്ങൾക്ക് പ്രവർത്തന മേഖലാ പരിധി ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ, അങ്ങനെയൊരു നിർദ്ദേശം പരിഗണിക്കുമോ ;

(ഡി) സഹകരണ രംഗത്ത് എന്തൊക്കെ വികസന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 580 സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഇനം തിരിച്ചും ജില്ല തിരിച്ചുമുള്ള കണക്ക് അനുബന്ധം (എ)-യിൽ കാണാവുന്നതാണ്.*

(ബി) ഒരേ സ്വഭാവമുള്ള സംഘങ്ങൾക്ക് പ്രവർത്തനമേഖലാ പരിധി ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെ കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സംയോജിത സഹകരണ വികസന പദ്ധതി തിരുവനന്തപുരം ജില്ലയിലേക്കു കൂടി വ്യാപിപ്പിക്കുന്നതാണ്. 19.50 കോടി രൂപയുടെ വികസന പ്രോജക്ടാണ് എൻ.സി.ഡി.സി.ക്ക് സമർപ്പിച്ചിട്ടുള്ളത്. ഇതുകൂടാതെ ഐ.സി.ഡി.പി.പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയായ കോട്ടയം, വയനാട് ജില്ലകളിൽ രണ്ടാം ഘട്ടം കൂടി ആരംഭിക്കുവാനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് ജില്ലകളിൽ സംയോജിത വികസന പദ്ധതിയിൽ ഡൈ ഹൗസ് വനിതാ സംരംഭം, കോക്കനട്ട് ഓയിൽ എക്സ്പെല്ലർ യൂണിറ്റ്, നെല്ല് സംസ്ക്കരണ യൂണിറ്റ്, കൊപ്രാ സംസ്ക്കരണ യൂണിറ്റ് എന്നിവയ്ക്ക് പദ്ധതികൾ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നു. കേരള സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന്റെ കീഴിൽ 9 കോടി രൂപ മുതൽ മുടക്കുന്ന 'ടോക്ക് സല്യൂൺ ഫാക്ടറി' എൻ.സി.ഡി.പി. യുടെ ധനസഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ പദ്ധതി പ്രകാരമുള്ള പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ വികസനത്തിനും വ്യവസായ സംരംഭങ്ങൾക്കും നബാർഡ്/കേന്ദ്ര സർക്കാർ/ എൻ.സി.ഡി.സി. എന്നിവയിൽ നിന്നും പരമാവധി സാമ്പത്തിക സഹായം ലഭ്യമാക്കുന്നതാണ്. കേരളത്തിലെ സഹകരണസ്ഥാപനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി പൊതുവായ കമ്പ്യൂട്ടർ സോഫ്റ്റ് വെയർ രൂപ കല്പന ചെയ്യുന്നതാണ്. അതോടൊപ്പം സംസ്ഥാനത്തെ പ്രധാന കേന്ദ്രങ്ങളിൽ സഹകരണ ഇൻഫർമേറ്റിക്സ് സെന്ററുകളും സ്ഥാപിക്കുന്നതാണ്. പരിയാരം മെഡിക്കൽ കോളേജിൽ കാലാനുസൃതമായ വിപുലീകരണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതും ഭാരതത്തിലെ തന്നെ ഒരു പ്രധാന സേവന കേന്ദ്രമാക്കി മാറ്റുന്നതുമാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly